**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- ഡോ. നവീൻ.കെ, കാഷ്വാലിറ്റി മെഡിക്കൽ ആഫീസർ, ജില്ലാ ആശുപത്രി തിരൂർ, മലപ്പുറം- സർവ്വീസിൽ പുന: പ്രവേശിപ്പിക്കുന്നതിന് അനുമതി നൽകികൊണ്ട് ഉത്തരവാകുന്നു.

പരാമർശം: 1. എ6-10877/16/ ജി.മെ.ആ മലപ്പുറം തീയതി 11.04.2017
2. ഡോ. നവീൻ.കെ സമർപ്പിച്ച മറുപടി

**ഉത്തരവ് നം. ഇ.എ4- 30289/17/ആ.വ.ഡ തീയതി 01.09.2018**

ആരോഗ്യ വകുപ്പിൽ കാഷ്വാലിറ്റി മെഡിക്കൽ ആഫീസർ ആയിരിക്കെ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിന്ന ഡോ. നവീൻ.കെ പരാമർശം (2) പ്രകാരം സർവ്വീസിൽ തിരികെ പ്രവേശിക്കുന്നതിനുള്ള സന്നദ്ധത അറിയിക്കുകയും, ഇനി മേലിൽ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിൽക്കുന്നതല്ലെന്ന് ഉറപ്പ് നൽകുന്ന ബോണ്ടും സമർപ്പിച്ചിരിക്കുന്നു. ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അപേക്ഷനെ അച്ചടക്ക നടപടികളുടെ തീർപ്പിനു വിധേയമായി, ആരോഗ്യ വകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

സർവ്വീസിൽ പ്രവേശിക്കുന്നതിനുള്ള ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം ജോലിയിൽ പുന:പ്രവേശിക്കാത്ത പക്ഷം നിയമപരമായ നടപടികൾ പൂർത്തിയാക്കി ടിയാളെ സർവ്വീസിൽ നിന്നും പിരിച്ചു വിടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ ഡോക്ടർമാരുടെ കടുത്ത ക്ഷാമം നേരിടുന്ന ജില്ലകളിൽ ഏതിലെങ്കിലും ടിയാന് നിയമനം നൽകാവുന്നതാണ്.

മെഡിക്കൽ ആഫീസറും സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് മേൽ നടപടിക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്
ഡോ. നവീൻ.കെ, അമൃതശ്രീ, കോവിൽ വീട്ടിൽ, കൊമ്മേരി.പി.ഒ,
കോഴിക്കോട്- 673007

പകർപ്പ്:
1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), മലപ്പുറം
3. ഇ.എ 2 സെക്ഷൻ
4. ഫയൽ/ കരുതൽ ഫയൽ.

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**